# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1517

11.02.2013-ൽ മറുപടി
നൽകേണ്ടിയിരുന്നത്

## പിന്നോക്ക മേഖല സഹായനിധി (ബി.ആർ.ജി.എഫ്)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കെ.നാരായണൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| എ) | വികസന പ്രക്രിയകളുടെ പരിണിതഫലമായി ഉടലെടുക്കുന്ന പ്രാദേശിക അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനായി ആരംഭിച്ച പിന്നോക്ക മേഖല സഹായനിധി (ബി.ആർ.ജി.എഫ്.) ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കിവരുന്നത് എന്നറിയിക്കുമോ ; | എ) | കേരളത്തിൽ പാലക്കാടും വയനാടും ജില്ലകളിൽ |
| ബി) | പ്രസ്തുത പദ്ധതി പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സംസ്ഥാനതല ഉന്നതാധികാര സമിതി നടപ്പു സാമ്പത്തിക വർഷം പ്രസ്തുത ജില്ലകളിൽ ഏതെല്ലാം കർമ്മ പരിപാടികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത് എന്നറിയിക്കുമോ ; | ബി) | നടപ്പ് സാമ്പത്തിക വർഷം പാലക്കാട് ജില്ലയിൽ 148 പ്രോജക്ടുകൾക്ക് ഹൈ പവർ കമ്മിറ്റി അംഗീകാരം നൽകിയിരുന്നു. (അനുബന്ധം A) പുതുക്കിയ മാർഗ്ഗനിർദ്ദേശമനുസരിച്ച് ബി.ആർ.ജി.എഫ് കർമ്മ പദ്ധതികൾക്ക് ഹൈ പവർ കമ്മിറ്റിയുടെ അംഗീകാരം ആവശ്യമില്ല. ആയതിനാൽ വയനാട് ജില്ലയിലെ വാർഷിക പദ്ധതിയ്ക്ക് (അനുബന്ധം B) ഡി.പി.സി.യുടെ അംഗീകാരം നേടിയിട്ടുണ്ട്. |
| സി) | അംഗീകാരം നൽകപ്പെട്ട പരിപാടി കളിൽ ഏതിനെല്ലാം ഭരണാനുമതി ലഭിച്ചു എന്നറിയിക്കുമോ ; | സി) | ബി.ആർ.ജി.എഫ്. ഫണ്ട് പൂർണ്ണമായും കേന്ദ്രാവിഷ്കൃത ഫണ്ടാണ്. ഇതുവരെയായി 2012-13-ൽ കേന്ദ്ര സർക്കാർ ബി.ആർ.ജി.എഫ്. ഗ്രാന്റ് അനുവദിച്ച് കിട്ടിയിട്ടില്ല. ആയതിനാൽ ഭരണാനുമതി നൽകിയിട്ടുമില്ല. |
| ഡി) | പ്രസ്തുത ഇനത്തിൽ നാളിതുവരെ എന്ത് തുക ചെലവഴിച്ചു എന്നറിയിക്കുമോ ? | ഡി) | പാലക്കാട് ജില്ലയിൽ 6142.14 ലക്ഷം രൂപയും വയനാട് ജില്ലയിൽ 3331.9 ലക്ഷം രൂപയും നാളിതുവരെയായി ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**